**പോലീസ്** **വകുപ്പ്**

**കേരളം**

**No. G2-3464/2023/SOG**

സ്പെഷ്യൽ ഓപറേഷൻ ഗ്രൂപ്പ്,
മലപ്പുറം
✉spkats.pol@kerala.gov.in
✆04832960251
തീയതി. 27-09-2023

**ലേല പരസ്യം :**

മലപ്പുറം ജില്ലയിലെ അരീക്കോട് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് ക്യാമ്പിൽ കടപുഴകി വീണ അക്കേഷ്യ മരം നീക്കം ചെയ്യുന്നതിനായി, **11/10/2023 തീയ്യതി പകൽ 11 മണിക്ക്** SOG ക്യാമ്പിൽ വച്ച് പരസ്യമായി പുനർലേലം നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നേരിട്ട് ഹാജരാകേണ്ടതും നിശ്ചിത സമയത്തിന് അരമണിക്കൂർ മുൻപ് അസിസ്റ്റൻറ് കമാണ്ടൻറ് (ക്യു.എം) മുൻപാകെ നിരതദ്രവ്യം 500/- രൂപ ഒടുക്കി, തിരിച്ചറിയൽ രേഖകളും മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖകളും ലേലം തുടങ്ങുന്നതിനു മുൻപ് തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മുഖേനയോ നിരത ദ്രവ്യ തുക ഒടുക്കിയതിന്റെ Demand Draft (സൂപ്രണ്ട് ഓഫ് പോലീസ് , സ്പെഷ്യൽ ഓപറേഷൻസ് ഗ്രൂപ്പ് , അരീക്കോട് എന്ന പേരിൽ ) സഹിതം 10/10/2023 വൈകീട്ട് 3 മണിക്ക് മുൻപായി എത്തിക്കേണ്ടതാണ് . പ്രസ്തുത കവറിനു മുകളിൽ "അരീക്കോട് സ്പെഷ്യൽ ഓപറേഷൻസ് ഗ്രൂപ്പ് ക്യാമ്പിൽ കടപുഴകി വീണ അക്കേഷ്യ മരം നീക്കം ചെയ്യുന്നതിനായുള്ള ലേല ദർഘാസു" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ആവശ്യമെങ്കിൽ എസ് ഒ ജി ക്വാർട്ടർ മാസ്റ്ററുടെ അനുമതിയോടുകൂടി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മുതൽ 4 മണി വരെയുള്ള സമയത്ത് മേൽ പരാമർശിച്ച മരം നേരിട്ട് പരിശോധിക്കാവുന്നതാണ്.

**11/10/2023** തിയ്യതി രാവിലെ 11 മണിക്ക് ആരംഭിക്കുന്നതും, പരസ്യ ലേലം അവസാനിച്ചാലുടൻ തന്നെ ലഭ്യമായ ദർഘാസുകൾ തുറക്കുന്നതുമാണ് പരസ്യ ലേലത്തിലോ, ദർഘാസുകളിലോ ഏതിലാണോ കൂടുതൽ എന്നതിനനുസരിച്ച് ലേലം ഉറപ്പിക്കുന്നതും, ലേലം ഉറപ്പിച്ച് വ്യക്തി ടി തുകയും (നിരത ദ്രവ്യം കഴിച്ച് ) നിശ്ചിത നിരക്കിലുള്ള നികുതിയും ഉൾപ്പെടെ അപ്പോൾ തന്നെ ഒടുക്കി രസീത് വാങ്ങേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലേലം ഉറപ്പിക്കാനുള്ള ഉത്തരവ് കിട്ടിയ ശേഷം 10 ദിവസത്തിനുള്ളിൽ മേൽ പരാമർശിച്ച. അക്കേഷ്യ മരം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ടി സ്ഥലത്ത് നിന്നും പൂർണ്ണമായും നീക്കം ചെയ്യേണ്ടതുമാണ്.

ലേലം കൊണ്ട വ്യക്തി മേൽ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യമുൾപ്പെടെ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും, പുനർ ലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ നഷ്ടം സംഭവിക്കുകയാണെങ്കിൽ, ആയതു ആദ്യം ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതും,മറിച്ച് ലാഭം ഉണ്ടാകുകയാണെങ്കിലോ ആയതിനുടി വ്യക്തിക്ക് യാതൊരുവിധ അവകാശവും ഉന്നയിക്കാവുന്നതുമല്ല.യാതൊരുവിധ കാരണങ്ങളും കൂടാതെ ടി ലേലം/ലേല നടപടികൾ മാറ്റിവയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം സുപ്രണ്ടന്റ് ഓഫ് പോലീസ് (സ്പെഷ്യൽ ഓപറേഷൻസ് ഗ്രൂപ്പ് ) ൽ നിക്ഷിപ്തമായിരിക്കും . ലേലം സംബന്ധിച്ച എല്ലാ സർക്കാർ ഉത്തരവുകളും ടി ലേലത്തിലും ബാധകമായിരിക്കും.

ഷാഹുൽ ഹമീദ് സി എസ്
സൂപ്രണ്ട് ഓഫ് പോലീസ്

| | | |
|---|---|---|
| സ്വീകർത്താവ് | : | എല്ലാ ജില്ലാ പോലീസ് മേധാവി മാർക്കും, എല്ലാ കമാൻഡൻറ് മാർക്കും - തൃശ്ശൂർ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ മാർക്കും അറിവിലേക്കായി അരീക്കോട്, കാവനൂർ , ഊർങ്ങാട്ടിരി , എടവണ്ണ , കീഴുപറമ്പ് പഞ്ചായത്ത് സെക്രട്ടറി മാരുടെ അറിവിലേക്കും , മലപ്പുറം , മഞ്ചേരി നഗരസഭാ സെക്രട്ടറി മാരുടെ അറിവിലേക്കും തുടർ നടപടികൾക്കും |
| പകർപ്പ് | : | ജില്ലാ ഇൻഫോർമേഷൻ ഓഫീസർ , മലപ്പുറം - പത്ര പരസ്യം നല്കാന്നതിനായി ( ഉപരി പത്രം സഹിതം) ഡെപ്യൂട്ടി കമാണ്ടന്റ് (അഡ്മിൻ),SOG അറിവിലേക്കായി . അസി. കമാണ്ടന്റ് ( ക്യൂ എം ) എസ് ഒ ജി - അറിവിലേക്കും വിപുലമായ പരസ്യത്തിനും വേണ്ടി. ഇൻസ്‌പെക്ടർ ഓഫ് പോലീസ് ( വെബ് അഡ്മിൻ) , അറിവിലേക്കും അനന്തര നടപടികൾക്കുമായി. |

G2-3464/2023/SOG

788d01